സാധാരണ ബ്രാഞ്ച് അഞ്ചൽമാസ്റ്റർമാരായി നിയമിക്കുന്നതു്. അവർ full time ഉദ്യോഗസ്ഥന്മാർ അല്ല. അതുകൊണ്ടാണ് അവരുടെ സർവ്വീസ് പെൻഷനബിൾ ആക്കാത്തതു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— ഏറെക്കാലം ഉപയോഗിക്കുന്നില്ലെങ്കിലും ഗവൺമെൻറുവാഹനങ്ങൾക്കുടാതെ അവർക്ക് സ്ഥലംവിട്ടുപോകാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.— പാടില്ലെന്നു പറഞ്ഞിട്ടുണ്ടു്. ജോലി സമയത്തു സ്ഥലം വിട്ടുപോകാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. രാമൻമേനോൻ *(Mulakunnathukavu)*.— അഞ്ചൽ ആഫീസു വിട്ടുപോകാൻ പാടില്ലെന്നോ സ്ഥലംവിട്ടുപോകാൻ പാടില്ലെന്നോ പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.— സ്ഥലംവിടുവാൻ പാടില്ലെന്നു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— ഇവരുടെ അലവൻസു് വർദ്ധിപ്പിക്കുവാൻ മേയുണ്ടാകുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.— അതു് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— അനേക്ഷിച്ചു് അടുത്ത വർഷത്തിൽ നടത്താമെന്നു പറയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Joint Secretary to Government)*.— അനേക്ഷിച്ചു തീർച്ചയാക്കാതെ പറയാൻ തരമില്ല.

Medical Advisory Committee—Report on Nemmara Hospital.

220. Mr. R. Viswanathan Chettiar *(Nemmara)*.—Will the Government be pleased to place on the Council Table the report of the Medical Advisory Committee about the Nemmara Hospital?

Mr. K. P. Kannan Nayar *(Joint Secretary to Government)*.—The Medical Advisory Committee has not submitted any report about the Nemmara Hospital.

മിസ്റ്റർ ആർ. വിശ്വനാഥൻ ചെട്ടിയാർ *(Nemmara)*.— അഡ്വൈസറി കമ്മിറ്റി മെമ്പർമാർ നെമ്മാറ ആശുപത്രി ഇൻസ്പെക്ട് ചെയ്തിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ *(Joint Secretary to Government)*.— ഇൻസ്പെക്ട് ചെയ്തിട്ടുണ്ടെന്നാണ് അറിയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly